# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6051** **28.10.2011 ന് മറുപടിയ്ക്ക്**

<u>സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ നിയമനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്:<br>,, ജോസ് തെറ്റയിൽ :<br>ശ്രീമതി ജമീലാ പ്രകാശം :<br>ശ്രീ. സി. കെ. നാണു: | ശ്രീ.റ്റി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ സമ്പ്രദായം നിർത്തലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;(ബി) എങ്കിൽ ഇതിനുള്ള സാഹചര്യം വിശദമാക്കാമോ;<br>(സി) ഡെപ്യൂട്ടേഷൻ സമ്പ്രദായം നിർത്തലാക്കുന്നതിനെപ്പറ്റി അംഗീകൃത സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ;<br>(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ),(ബി),(സി)&(ഡി)<br>വിവിധ സർവ്വീസ് സംഘടനകളുടെ ആവശ്യത്തെ തുടർന്ന് സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ സമ്പ്രദായം അവസാനിപ്പിക്കുന്നതിനെക്കുറിച്ച് വിശദമായ പഠനത്തിനും റിപ്പോർട്ടിനുമായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിനുശേഷം സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുന്നതാണ്. |
| (ഇ) നിലവിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ വിവിധ തസ്തികകളിലായി എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഇ) വിവിധ തസ്തികകളിലായി സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും 1152 ജീവനക്കാർ സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>അഡീഷണൽ ജനറൽ മാനേജർ -01<br>റീജിയണൽ മാനേജർ / മാനേജർ -05<br>അസിസ്റ്റന്റ് മാനേജർ -74<br>ജൂനിയർ മാനേജർ -92<br>സീനിയർ അസിസ്റ്റന്റ് I -416<br>സീനിയർ അസിസ്റ്റന്റ് II -361<br>ജൂനിയർ അസിസ്റ്റന്റ് -197<br>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് -04<br>ടൈപ്പിസ്റ്റ് -02 |

| | |
|---|---|
| (എഫ്) ഡെപ്യൂട്ടേഷൻ സമ്പ്രദായം നിർത്തലാക്കിയാൽ അപ്രകാരം ജോലി ചെയ്യുന്ന ജീവനക്കാരുടെ പുനർ വിന്യാസത്തിന് എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; | (എഫ്) വിശദമായ പഠനത്തിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. |
| (ജി) തനതു ജീവനക്കാരെ നിയമിക്കുകവഴി കോർപ്പറേഷനിൽ ഉണ്ടാകാൻ സാധ്യതയുള്ള അധിക സാമ്പത്തിക ബാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ജി) ഈ വിഷയത്തിന്മേലുള്ള പഠന റിപ്പോർട്ട് ലഭിച്ചതിനു ശേഷമേ സാമ്പത്തിക ബാദ്ധ്യത തീരുമാനിക്കാൻ സാധിക്കു.<br><br>സെക്ഷൻ ഓഫീസർ |